## അധ്യായം 102
## അത്തകാഥുർ
## തുടർച്ച
അവതരണം. മക്കയിൽ, വചനങ്ങൾ 9

**അധ്യായ പരിചയം:**

മക്കയിൽ അവതരിച്ചതാണ് ഈ അധ്യായം. ധനക്കൊതിയുടെയും ഭൗതികപൂജയുടെയും പരിണതിയെ സംബന്ധിച്ച് ഈ അധ്യായം മുന്നറിയിപ്പ് നല്കുന്നു.

ജീവിതം നിലനിർത്താൻ സ്രഷ്ടാവ് നല്കിയ സംവിധാനമാണെന്ന തിരിച്ചറിവിനപ്പുറം സമ്പത്തിനോടുള്ള പ്രേമവും സമീപനവും പലപ്പോഴും ആരോഗ്യപരമല്ലാത്ത രീതിയിലാണ് ജനങ്ങളിൽ പ്രകടമാകുന്നത്.

ധനത്തിൻെറ പേരിൽ പെരുമ നടിച്ചിരുന്ന ജൂതന്മാരെ സംബന്ധിച്ച് അവതരിച്ചതാണെന്നും അതല്ല, മദീനയിലെ രണ്ട് പ്രബല ഗോത്രങ്ങളെ സംബന്ധിച്ച് അവതരിച്ചതാണ് ഈ അധ്യായമെന്നും അഭിപ്രായപ്പെട്ട പണ്ഡിതരുണ്ട്. അതേയവസരം മക്കയിലെ ഖുറൈശികളിലെ ചില ഗോത്രങ്ങളെ സംബന്ധിച്ചാണെന്ന അഭിപ്രായവും നില നില്ക്കുന്നു. ഏതായാലും ശരി, മനുഷ്യൻെറ ജീവിതനിലനില്പിനായി ദൈവം തന്ന ധനത്തിൻെറ പേരിൽ പരസ്പരം മത്സരിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്ന അവസ്ഥ ഇന്ന് കൂടുതലാണ്. പ്രത്യേകിച്ച്, സമൂഹത്തിൽ ഉന്നത ശ്രേണിയിലുള്ളവരിലാണ് ഈ പ്രവണതയെങ്കിൽ അത് സാമൂഹികമായ ഒട്ടേറെ പ്രയാസങ്ങളുണ്ടാക്കും.

സമ്പത്തിൻെറ പേരിലുള്ള താൻപോരിമ മനുഷ്യനെ അഹങ്കാരിയും സത്യത്തെയും ധാർമിക മൂല്യങ്ങളെയും വകവെക്കാത്ത അധമപ്രകൃതനുമാക്കും. അവനെ സംബന്ധിച്ചിടത്തോളം സമ്പാദിക്കുക, അനുഭവിക്കുക എന്ന മുതലാളിത്ത താല്പര്യത്തിലുപരി വേറെ ജീവിതനയങ്ങളൊന്നും ഉണ്ടാവുകയില്ല. മാനുഷികബന്ധങ്ങളും മൂല്യങ്ങളും മരണവും അനന്തര ജീവിതവുമൊന്നും അവസാന ശ്വാസം വരെ അത്തരക്കാർക്ക് അചി ന്ത്യമായിരിക്കും.

ഇത്തരം ജീവിതരീതിയുടെ പരിണതിയായി ഖുർആൻ മനുഷ്യരുടെ മുമ്പിൽ തുറന്നുവെക്കുന്ന വസ്തുതകൾ നാം മനസ്സിലാക്കുകയും സമ്പത്തിനോടുള്ള സമീപനത്തിൽ ആരോഗ്യകരമായ മാറ്റം വരുത്തുകയും വേണം.

ഈ അധ്യായത്തിൻെറ വെളിച്ചത്തിൽ മനസ്സിലാക്കേണ്ട സംഗതി മനുഷ്യനെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നത് ധാർമികമൂല്യങ്ങളാണ്. ഇതേ ധാർമികമൂല്യങ്ങൾ തന്നെയാണ് സാമ്പത്തിക മേഖലയിലും മനുഷ്യനെ സംസ്കരിക്കുന്നത്. താൻ സ്വന്തമാക്കിയ ധനം തൻെറതല്ല, ദൈവത്തിൻെറതാണെന്നും അതിൽ മറ്റുള്ളവർക്കും അവകാശമുണ്ടെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാകണം.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| *നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു,* | **അൽഹാകും** | أَلْهَاكُمُ |
| *പരസ്പരം പെരുമ നടിക്കൽ* | **അത്തകാഥുർ** | التَّكَاثُرُ |
| *നിങ്ങൾ സന്ദർശിക്കുന്നതുവരെ* | **ഹെത്താ സുർത്തും** | حَتَّىٰ زُرْتُمُ |
| *കുഴിമാടങ്ങൾ* | **അൽ മഖാബിർ** | الْمَقَابِرَ |

| | | |
|---|---|---|
| *അല്ല* | കല്ലാ | كَلَّا |
| *നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും.* | സൗഫ തഅ്ലമൂൻ | سَوْفَ تَعْلَمُونَ |
| *പിന്നെയും* | ഥുമ | ثُمَّ |
| *നിസ്സംശയം* | കല്ലാ | كَلَّا |
| *നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും* | സൗഫ തഅ്ലമൂൻ | سَوْفَ تَعْلَمُونَ |
| *അല്ല* | കല്ലാ | كَلَّا |
| *നിങ്ങൾ അറിയുമായിരുന്നെങ്കിൽ* | ലൗ തഅ്ലമൂൻ | لَوْ تَعْلَمُونَ |
| *അറിവ്* | ഇൽമ് | عِلْمَ |
| *ദൃഢമായ* | അൽ യഖീൻ | الْيَقِينِ |
| *നിങ്ങൾ കാണുക തന്നെ ചെയ്യും* | ലതറവുന്ന | لَتَرَوُنَّ |
| *ആളിക്കത്തുന്ന നരകത്തെ* | അൽജഹീം | الْجَحِيمَ |
| *പിന്നെ* | ഥുമ്മ | ثُمَّ |
| *നിങ്ങൾ അതിനെ കാണുക തന്നെചെയ്യും* | ലതറവുന്നഹാ | لَتَرَوُنَّهَا |
| *ദൃഢമായ കണ്ണാൽ* | ഐനൽ യഖീൻ | عَيْنَ الْيَقِينِ |
| *പിന്നീട്* | ഥുമ്മ | ثُمَّ |
| *നിങ്ങൾ ചോദിക്കപ്പെടും* | ലതുസ്അലുന്ന | لَتُسْأَلُنَّ |
| *അന്ന്* | യൗമഇദിൻ | يَوْمَئِذٍ |
| *സുഖാനുഗ്രഹങ്ങളെ സംബന്ധിച്ച്* | അനിന്നഈം | عَنِ النَّعِيمِ |

വചന വിശകലനം:

أَلْهَاكُمُ التَّكَاثُرُ അൽഹാകുമുത്തകാഥുർ

പരസ്പരം പെരുമ നടിക്കൽനിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു,

ഒരു പ്രത്യേക ലക്ഷ്യത്തിലേക്കുള്ള കർമത്തിൽനിന്നോ ചിന്തയിൽനിന്നോ തീർത്തും അശ്രദ്ധമാക്കുക എന്നാണ് ലഹ്വ് എന്ന അറബിപദത്തിൻെറ അർഥം. അതിൽ നിന്നാണ് ഇവിടെ സൂചിപ്പിച്ച അൽഹാക്കും എന്ന പദം ഉണ്ടായത്. ലക്ഷ്യത്തിലേക്കെത്താനുള്ള കർമത്തിൽനിന്ന് തെറ്റിക്കുകയും മുൻഗണനാക്രമം തീർത്തും നഷ്ടപ്പെടുത്തുകയും ചെയ്യുന്നതിന് തത്വത്തിൽ ഈ പദം ഉപയോഗിക്കുന്നു. ജീവിതത്തിൻെറ യഥാർഥ ലക്ഷ്യബോധമില്ലാതെയാവുകയും വ്യയം അപ്രധാനമായ സംഗതികളിൽ

പാഴാവുകയും തന്മൂലം എല്ലാം നഷ്ടപ്പെട്ടവനാവുകയും ചെയ്യുകയെന്നതാണ് അതിൻെറ സ്വാഭാവികത.

സ്വന്തം ലക്ഷ്യം വിസ്മരിക്കുകയും മറ്റൊന്നിൽ തന്നെ ബന്ധിച്ചിടുകയും ചെയ്യുന്ന ഘടകങ്ങൾ ധാരാളമാണിന്ന്. അത്തരം ദൗർബല്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഒരാളെ പിടികൂടിയാൽ അയാളുടെ ഭ്രമം മുഴുവൻ അതിലായിരിക്കും. തൻെറ മുഴുവൻ ശ്രദ്ധയും ശ്രമവും അതിനുവേണ്ടിയായിരിക്കും. അത്തരം ദൗർബല്യങ്ങളിൽ ശക്തമായതാണ് സ്വത്തിനോടുള്ള പ്രേമവും ഭ്രമവും. അതിനു വേണ്ടി കുടുംബബന്ധങ്ങളും ധാർമികബോധവുമൊക്കെ ചിലർ തകർത്തെറിയുന്നതു കാണാം. ദൈവികചിന്ത പോലും അത്ത രക്കാർക്കുണ്ടാവുകയില്ല.

തൻെറ ജീവിതലക്ഷ്യത്തിൽനിന്ന് തന്നെ വഴി തെറ്റിക്കുന്ന മഹാദൗർബല്യം അയാളെ പിടികൂടിയിരിക്കുന്നു എന്നാണതിനർഥം. ഇത് ഏറെ മാരകമായ അവസ്ഥയാണ്. ഭൗതികമായ സംഗതികൾക്കു വേണ്ടി ബന്ധങ്ങളും ദൈവികചിന്തയുമൊക്കെ വെടിഞ്ഞു ജീവിക്കുന്നത് ഒരു തരം ചിത്തഭ്രമം തന്നെയാണ്. ഒടുങ്ങാത്ത ഖേദവും വേദനയുമാണ് അതിൻെറ പരിണതി. അതിനാലാണ് ഖുർആൻ ഇങ്ങനെ പറഞ്ഞത്:

*"വിശ്വാസികളെ, നിങ്ങളുടെ ധനവും സന്താനങ്ങളും നിങ്ങളെ ദൈവികസ്മരണയിൽ നിന്ന് അശ്രദ്ധരാക്കാതിരിക്കട്ടെ."* (63: 3)

ധാരാളം, സമൃദ്ധി എന്ന അർഥത്തിലുള്ള കഥീർ, കഥ്റത്ത് എന്ന വാക്കിൽ നിന്നാണ് തകാഥുർ നിഷ്പദിച്ചത്. തകാഥുർ ഭാഷാപരമായി വളർച്ചക്കും ധാരാളം ലഭിക്കുന്നതിനും വേണ്ടി മത്സരിക്കുക, അക്കാര്യത്തിൽ അഹങ്കരിക്കുക തുടങ്ങിയ ആശയങ്ങളെ ദ്യോതിപ്പിക്കുന്നു.

ഈ വചനത്തിൽ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതിക സുഖസൗകര്യങ്ങളും സ്വത്തും സമ്പാദിച്ചു കൂന്നുകൂട്ടാനുള്ള ശ്രമം നിങ്ങളുടെ മനസ്സിനെ ശക്തിയായി സ്വാധീനിച്ചിരിക്കുന്നു എന്നാണ്. അതാകട്ടെ, അടിസ്ഥാനപരമായ മറ്റു സംഗതികളിൽ നിന്ന് മനുഷ്യരെ അശ്രദ്ധമാക്കുന്നു.

ഈ വചനത്തിൽനിന്ന് നമുക്ക് ഉരുത്തിരിച്ചെടു ക്കാവുന്ന സംഗതികൾ ഇവയാണ്:

1 എല്ലാ അർഥത്തിലുമുള്ള ഭൗതികസുഖങ്ങളും ആർജിക്കുവാനുള്ള അത്യാഗ്രഹത്തിലാണ് ചിലർ.

2 അത്യാഗ്രഹം അവരെ കടുത്ത മത്സരത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു. അതിന് മുമ്പിൽ മാനുഷികചിന്തക്കുപോലും അവരെ സംബന്ധിച്ചിടത്തോളം പ്രസക്തിയില്ല.

3 ഈ മത്സരത്തിൻെറ അനന്തരഫലം മാനിക്കേണ്ട ധാർമികമൂല്യങ്ങളെയും കൂട്ടിച്ചേർക്കേണ്ട ബന്ധങ്ങളെയും പരിഗണിക്കുന്നതിൽപോലും അവർ പരാജയപ്പെട്ടു.

4 ഭൗതികസുഖസൗകര്യങ്ങളുടെ ആധിക്യം അവരെ അഹങ്കാരികളും ഭൗതികപ്രമത്തരുമാക്കിയിരിക്കുന്നു.

അവരെ സംബന്ധിച്ചിടത്തോളം ജീവിതത്തിൻെറ പരമലക്ഷ്യം സമ്പാദിക്കുക എന്നതാണ്. അതിന് മുമ്പിൽ ദൈവിക-പരലോകചിന്ത അവരെ സംബന്ധിച്ചിടത്തോളം പ്രസ ക്തമായ സംഗതിയല്ല. ദൈവികപൊരുത്തവും പരലോകമോക്ഷവും ലഭിക്കുന്ന കർമങ്ങ ളിൽനിന്ന് അവർ തീർത്തും അശ്രദ്ധരായിരിക്കുന്നു.

സമ്പാദിക്കുന്നതിനായി പലിശ, മണിചെയിൻ, വായ്പ നല്കൽ തുടങ്ങി അക്ഷന്തവ്യമായ ഏത് രീതിയും ആധുനിക സംവിധാനങ്ങളും ഉപയോഗപ്പെടുത്താൻ അവർ തയാറാണ്. അതോ, കൂടുതൽ വിനയവും മനുഷ്യോപകാരികളുമാക്കുന്നതിന് പകരം കൂടുതൽ വെട്ടിപ്പിടിക്കുന്നതിനുള്ള മുതലാളിത്ത ചിന്തയിലേക്കാണ് അവരെ എത്തിക്കുന്നത്. അതിൻെറ ഫലമാണ് നേരത്തെ പറഞ്ഞ ദൈവിക-പരലോകങ്ങളെ സംബന്ധിച്ച വിസ്മൃതി അഥവാ അവഗണന.

---

حَتَّى زُرْتُمُ الْمَقَابِرَ ഹത്താ സുർതുമുൽ മഖാബിർ

നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കുവോളം

---

ധനത്തോടുള്ള ആർത്തിപൂണ്ട കിടമത്സരവും പെരുമനടിച്ചുള്ള പെരുമാറ്റവും ദൈവ വിസ്മൃതിയിലും പരലോകഅവഗണനയിലും നിങ്ങളെ അകപ്പെടുത്തിയതിനാൽ ഈ കിടമത്സരം നിങ്ങൾ നിങ്ങളുടെ ശവക്കുഴികളിൽ ഒടുങ്ങുന്നതുവരെ തുടരുക തന്നെ ചെയ്യും. ആയുസ്സിലൊരിക്കലും നന്മ ചെയ്യാനാകാതെ നിങ്ങൾ ധനമെന്ന താല്ക്കാലിക വിഭവത്തിന് പിന്നാലെയായിരിക്കും നിങ്ങളുടെ ശ്രമങ്ങളഖിലം.

സുർതും എന്ന വാക്കിന് നിങ്ങൾ സന്ദർശിക്കുവോളം എന്നാണ് അർഥം നല്കി യിട്ടുള്ളത്. അതായത്, നിങ്ങൾ നിങ്ങളുടെ ശവക്കുഴികളിൽ അമരുവോളം എന്നർ ഥം.

ഭൗതികവിഭവങ്ങൾ താല്ക്കാലികമാണ്. മരണത്തോടെ അത് അവസാനിക്കും. പ്രവാചകൻ പറഞ്ഞു, ഒരാൾ മരിച്ചാൽ മൂന്ന് കാര്യങ്ങൾ അയാളെ പിന്തുടരും. ധനം, സന്താനങ്ങൾ, കർമങ്ങൾ. രണ്ട് കാര്യങ്ങൾ തിരിച്ചുപോരും. ധനവും സന്താനങ്ങളും. ഒരു കാര്യം അയാളെ അനുഗമിക്കും. തൻെറ കർമങ്ങൾ.

---

كَلَّا سَوْفَ تَعْلَمُونَ കല്ലാ സൗഫ തഅ്ലമൂൻ

നിങ്ങൾ അടുത്ത് അറിയുക തന്നെ ചെയ്യും.

---

ഈ വചനത്തിൽ മുന്നറിയിപ്പിൻെറ ധ്വനിയാണുള്ളത്. അതായത്, ജീവിതയാഥാർ ഥ്യങ്ങളെ സംബന്ധിച്ച് ആരൊക്കെ എന്തൊക്കെ അധ്യാപനങ്ങൾ നല്കിയിട്ടും അത് അവഗണിക്കുകയായിരുന്നു നിങ്ങൾ. ധനമാണ് പ്രതാപത്തിൻെറ മാനദണ്ഡ മെന്ന ധാരണയിലായിരുന്നു നിങ്ങൾ. ധനത്തോടുള്ള ആർത്തി കാരണം ദൈവവിസ് മൃതരായി, ബന്ധങ്ങളെയും മൂല്യങ്ങളെയും അവഗണിച്ച് നിങ്ങൾ ജീവിച്ചു. പക്ഷേ, യാഥാർഥ്യം എന്തായിരുന്നെന്ന് നിങ്ങൾ മരണശേഷം പരലോകവിചാരണാ ഘട്ട ത്തിൽ നിങ്ങൾ അറിയുകതന്നെ ചെയ്യും.

ധനവും ഭൗതികവിഭവങ്ങളുമല്ല പ്രതാപത്തിൻെറയും വിജയത്തിൻെറയും മാനദ ണ്ഡമെന്ന് നിങ്ങൾക്കവിടെ വെച്ച് മനസ്സിലാകും. ഉദ്ബോധകരുടെ വാക്കുകളെ അവഗണിച്ച് നിങ്ങൾ സ്വീകരിച്ച ജീവിതനയം വലിയ അബദ്ധമായിരുന്നെന്ന് നി ങ്ങൾക്ക് ബോധ്യപ്പെടും. താൻ ജീവിച്ച തുഛമായ കാലം മാത്രം അനുഭവിക്കാനായ കേവലം താല്ക്കാലിക ഭൗതികവിഭവത്തിനു വേണ്ടി താൻ തുലച്ചുകളഞ്ഞത് പാര ത്രിക ജീവിതത്തിലെ എത്ര വലിയ ഭാഗ്യത്തെയാണെന്ന് നിങ്ങൾക്ക് അന്ന് ബോധ്യ പ്പെടും. ധനം താൻ കണക്കാക്കിയതുപോലെ ധനം പ്രതാപത്തിനും യശസ്സിനുമല്ല, പരാജയത്തിനും തീരാവേദനക്കുമാണ് നിമിത്തമായതെന്ന് അന്ന് നിങ്ങൾക്ക് ബോ ധ്യമാകും.

---

ثُمَّ كَلَّا سَوْفَ تَعْلَمُونَ ഥുമ്മ കല്ലാ സൗഫ തഅ്ലമൂൻ

പിന്നെയും, ഒരിക്കലുമല്ല, നിങ്ങൾ അടുത്ത് അറിയുക തന്നെ ചെയ്യും.

---

മേൽ സൂചിപ്പിച്ച പരാമർശം ഒരിക്കൽ കൂടി ആവർത്തിച്ചു പറഞ്ഞിരിക്കുകയാണിവിടെ. അഥവാ, തിരിച്ചറിവ് നഷ്ടപ്പെട്ട മനുഷ്യനെ യാഥാർഥ്യം ബോധ്യപ്പെടുത്താനും അതുവഴി അവനെ ഉദ്ബുദ്ധനാക്കാനുമാണ് അതിവിടെ വീണ്ടും ആവർത്തിച്ചത്. മനുഷ്യൻെറ വിവേകരഹിത സമീപനങ്ങളെയും ദേഹേഛ സ്വധീനിച്ച നയങ്ങളെയും പെട്ടെന്നെന്നും മാറ്റിയെടുക്കാൻ സാധിക്കുകയില്ല. അതിനാലാണ് പല കാര്യങ്ങളെ യും ഖുർആൻ ആവർത്തിച്ചു പരാമർശിച്ചിട്ടുള്ളത്.

---

كَلَّا لَوْ تَعْلَمُونَ عِلْمَ الْيَقِينِ കല്ലാ, ലൗ തഅ്ലമൂന ഇൽമൽ യഖീൻ

നിങ്ങൾക്ക് ദൃഢമായ അറിവ് ഉണ്ടായിരുന്നുവെങ്കിൽ

---

അതല്ല കാര്യം. ധനത്തിനു വേണ്ടി നിങ്ങൾ അവഗണിച്ചു കളയുന്ന ജീവിതയാഥാർഥ്യങ്ങളെയും അതിൻെറ പേരിൽ നിങ്ങൾ അഭിമുഖീകരിക്കാനിരിക്കുന്ന വേദനാജനകമായ പരിണതികളെയും സംബന്ധിച്ച് നിങ്ങൾക്ക് ദൃഢബോധ്യമുണ്ടായിരുന്നെങ്കിൽ ഇത്തരം ഒരു ജീവിതനയം നിങ്ങൾ കൈക്കൊള്ളുമായിരുന്നില്ല. ഏതെങ്കിലും വിധേന നരകത്തിൽനിന്ന് സ്വദേഹത്തെ രക്ഷപ്പെടുത്താനുള്ള പ്രവർത്തനത്തിലായിരിക്കും നിങ്ങൾ എത്തിച്ചേരുക. അത്തരം ജീവിതനയമായിരിക്കും നിങ്ങൾ സ്വീകരിക്കുക. സ്വന്തം മനസ്സിനുമേൽ നിയന്ത്രണം നഷ്ടപ്പെട്ടവർ മാത്രമേ അത്തരം പതനമാർഗം തെരെഞ്ഞെടുക്കുകയുള്ളൂ.

---

لَتَرَوُنَّ الْجَحِيمَ ലതറവുന്നൽ ജഹീം

**തീർച്ചയായും നിങ്ങൾ നരകത്തെ കാണുക തന്നെചെയ്യും.**

---

തന്നിൽ അർപ്പിതമായ ഉത്തരവാദിത്തം ഭൗതികവിഭവങ്ങളുടെ പേരിൽ വിസ്മരിക്കുകയും മതിമറന്നഹങ്കരിക്കുകയും ചെയ്തതിൻെറ തിക്ത ഫലം അനുഭവിക്കേണ്ടിവരുമെന്ന മുന്നറിയിപ്പാണ് ഈ വചനം ഉൾക്കൊള്ളുന്നത്.

മറ്റൊരു കാര്യം കൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. എല്ലാ ആളുകളും നരകത്തിൻെറ വക്കിൽ എത്തുക തന്നെ ചെയ്യും. അല്ലാഹു അക്കാര്യം ഖുർആൻ അധ്യായം 19: 61ൽ സൂചിപ്പിക്കുകയുണ്ടായി. "നിങ്ങളിൽ ഒരാളും അതിൻെറയടുത്ത് (നരകത്തിൻെറ) വരാതിരിക്കില്ല. നിൻെറ നാഥൻെറ ഖണ്ഡിതവും നിർബന്ധപൂർണവുമായ തീരുമാനമാണത്." എല്ലാ ആളുകളും അക്കാര്യത്തിൽ തുല്യരാണ്.

ജഹീം നരകത്തിൻെറ ഒരു നാമമാണ്. അത് പര്യായമോ അതല്ല, പ്രത്യേകം ശിക്ഷക്ക് വിധിക്കപ്പെട്ടവർക്കുള്ള സ്ഥലമോ ആകാം, അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

---

ثُمَّ لَتَرَوُنَّهَا عَيْنَ الْيَقِينِ ഥുമ്മ ലതറവുന്നഹാ ഐനൽ യഖീൻ

**പിന്നെയും, തീർച്ചയായും നിങ്ങൾ ഉറപ്പായ കണ്ണുകളോടെ അതിനെ കാണുക തന്നെ ചെയ്യും.**

---

മേലെ സൂചിപ്പിച്ച കാര്യം ഒന്നും ആവർത്തിച്ചിരിക്കുകയാണിവിടെ. ഒരിക്കലും മാറ്റമില്ലാത്ത കാര്യമാണത് എന്ന് സൂചിപ്പിക്കുകയാണ് അതുവഴി ചെയ്യുന്നത്.

ഐനൽ യഖീൻ എന്നത് തികഞ്ഞ ബോധ്യത്തോടെ, യാതൊരുവിധ മറവിയോ മറയോ ഇല്ലാതെ വ്യക്തമായും ഉറപ്പായും കാണുന്നതിനെ സൂചിപ്പിക്കാൻ പ്രയോഗിച്ചതാണ്.

---

ثُمَّ لَتُسْأَلُنَّ يَوْمَئِذٍ عَنِ النَّعِيمِ ഥുമ്മ ലതുസ്അലുന്ന യൗമഇദിൻ അനിന്നഈം

**പിന്നെ ഈ സൗഭാഗ്യത്തെക്കുറിച്ച് അന്നാളിൽ നിങ്ങൾ ചോദിക്കപ്പെടുക തന്നെ ചെയ്യും.**

---

അതായത്, വീണ്ടും ഉയിർത്തെഴുന്നേല്പിച്ചതിനു ശേഷം, ഭൂമിയിൽ വെച്ച് എന്തെല്ലാം അനുഗ്രഹങ്ങൾ നല്കപ്പെട്ടിരുന്നുവോ അതെ സംബന്ധിച്ച് മനുഷ്യൻ വ്യക്തമായി ചോദ്യം ചെയ്യപ്പെടുന്നതാണ്. ധനം എവിടെനിന്ന് കിട്ടി, അതെവിടെ എങ്ങനെ ചെലവഴിച്ചു എന്ന് ശരിയായ റിപ്പോർട്ട് നല്കാതെ ആരും മുന്നോട്ട് പോവുകയില്ല. ഈ വിചാരണാവേള അതീവ സൂക്ഷ്മവും കർക്കശവും തികഞ്ഞ നീതിയുക്തവുമായിരിക്കും. ആരും അവിടെ അല്പം അക്രമിക്കപ്പെടുകയില്ല.

അല്ലാഹു നല്കിയ അനുഗ്രഹങ്ങളോട് തികഞ്ഞ കൃതജ്ഞത കാണിച്ചവർക്കായിരിക്കും അവിടെ രക്ഷ. കൃതജ്ഞത കാണിക്കുക എന്നതിനർഥം, ഈ അനുഗ്രഹങ്ങൾ മുഴുവൻ ദൈവികങ്ങളാണെന്നും തൺെറ വകയായി അതിൽ ഒന്നുമില്ലെന്ന് മനസ്സിലാക്കി ഏകദൈവത്തോടുള്ള ബാധ്യതകൾ യഥാവിധം വീട്ടുകയെന്നതാണ്.

അവനെ മാത്രം അനുസരിക്കുകയും അവൻെറ കല്പനകൾ പാലിച്ചു ജീവിക്കുകയും ചെയ്യുകയത്രെ അതിൻെറ വഴി.

അയൽവാസി പട്ടിണി കിടക്കുമ്പോൾ തനിക്ക് ലഭിക്കുന്ന ആഹാരം പോലുംമഹാ അനുഗ്രഹങ്ങളിൽ പെട്ടതാണ്. മൂന്ന് കാര്യങ്ങളെ മനുഷ്യൻ തൻെറ ജീവിതത്തിൽ സൂക്ഷിക്കേണ്ടതുണ്ട്. വാർധക്യത്തിനു മുമ്പ് യുവത്വം, ദാരിദ്ര്യത്തിനു മുമ്പ് സമ്പന്നത, രോഗത്തിനു മുമ്പ് ആരോഗ്യം. ഇവയെ സംബന്ധിച്ച് മനുഷ്യൻ ചോദ്യം ചെയ്യപ്പെടുന്നതാണ്.

ഈ ചോദ്യം ചെയ്യലിൽ എല്ലാ മനുഷ്യരും തുല്യരാണ്. അതിന് അടിസ്ഥാനം ഏകദൈവമാണ് എല്ലാ വിധ അനുഗ്രഹങ്ങൾക്കും ഉടമയും അതിൻെറ അവകാശിയും എന്നതാണ്. അത് എങ്ങനെ വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചതും അവൻ തന്നെയാണ്. അതിനാൽ മനുഷ്യനെ ചോദ്യം ചെയ്യാനും ശിക്ഷിക്കാനുമുള്ള അധികാരവും അവനിൽ മാത്രം പരിമിതമാണ്. മറ്റൊരു ശക്തിക്കും അതിൽ അല്പം പോലും പങ്കില്ല.